**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5002** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ അൺഎയ്ഡഡ് (സ്വാശ്രയ) എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; 2016-17 മുതൽ 2023-24 വരെ അനുവദിച്ച സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ എത്രയാണെന്ന് അക്കാദമിക വർഷ അടിസ്ഥാനത്തിൽ അറിയിക്കാമോ; | (എ) | 2023-24 കാലയളവിൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ 841 സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>2016-17 മുതൽ 2023-24 വരെ അനുവദിച്ച സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളുടെ എണ്ണം അക്കാദമിക വർഷാടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു.<br><br>2016-17 - 212<br><br>2018-19 - 81<br><br>2019-20 - 67<br><br>2020-21 - 27<br><br>2021-22 - 60<br><br>2022-23 - 24<br><br>2023-24 - 50 |
| (ബി) | പ്രസ്തുത കാലയളവിൽ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നും എത്ര രൂപയാണ് ഹയർ സെക്കണ്ടറി എൻ.എസ്.എസ്. സെൽ പിരിച്ചെടുത്തത്; അക്കാദമിക വർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | വോളന്റിയർ ഒന്നിന് 30/- രൂപ ക്രമത്തിൽ 3000/- രൂപയാണ് സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിനത്തിൽ 2022-23 അധ്യയന വർഷം വരെ പിരിച്ചിരുന്നത്. ഗ്രാന്റ്-ഇൻ-എയ്ഡ് യൂണിറ്റുകളുടെ വർദ്ധിപ്പിച്ച തുകയ്ക്ക് ആനുപാതികമായി വോളന്റിയർ ഒന്നിന് 40/- രൂപ ക്രമത്തിൽ 4000/- രൂപയാണ് 2023-24 വർഷം മുതൽ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിനത്തിൽ എൻ.എസ്.എസ്. യൂണിറ്റിൽ നിന്നും പിരിക്കുന്നത്.<br><br>സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നും പിരിച്ചെടുത്ത തുക അക്കാദമിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 2016-17 - Rs.17,15,342/-<br>2017-18 - Rs. 19,64,870/-<br>2018-19 - Rs.21,05,490/-<br>2019-20 - Rs.22,03,650/-<br>2020-21 - Rs.23,83,491/-<br>2021-22 - Nil<br>2022-23 - Rs.48,58,325/-<br>2023-24 - Rs.34,71,329/- |
| (സി) | പ്രസ്തുത വർഷങ്ങളിൽ ഇപ്രകാരം പിരിച്ചെടുത്ത തുക എന്തൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് അക്കാദമിക വർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അക്കാദമിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br><br>2016-17 - എൻ.എസ്.എസ്. സെൽ ജീവനക്കാരുടെ ശമ്പളം, യാത്ര, പ്രിന്റിംഗ്, ജില്ലാ/സംസ്ഥാനതല പരിപാടികൾ, റീജിയണൽ കൺവീനർമാർക്കുള്ള അലവൻസ്, ഓഡിറ്റ് ഫീ മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവക്കായി ഉപയോഗിച്ചു.<br><br>2017-18 - പേ & അലവൻസ്, യാത്ര, പ്രിന്റിംഗ്, ഡയറക്ടറേറ്റ് തല അവാർഡ്, സംസ്ഥാന/ജില്ലാതല പരിപാടികൾ, ക്ലസ്റ്റർ കൺവീനർമാരുടെ അലവൻസ്, ഓഫീസ് ചെലവുകൾ, ഓഡിറ്റ് ഫീ എന്നിവയ്ക്കായി വിനിയോഗിച്ചു.<br><br>2018-19 - പേ ആന്റ് അലവൻസ്, യാത്ര പ്രിന്റിംഗ് & സ്റ്റേഷനറി, ഡയറക്ടറേറ്റ് തല അവാർഡ്, ജില്ലാതല കോൺഫറൻസ്/ഓറിയന്റേഷൻ, പി.എ.സി അലവൻസ്, ജില്ലാ കൺവീനർ/ആർ.പി.സി.മാരുടെ അലവൻസ്, സംസ്ഥാന/ജില്ലാതല പരിപാടികൾ, അഡ്വൈസറി കമ്മിറ്റി, വെബ്സൈറ്റ് മോഡിഫിക്കേഷൻ, ഓഡിറ്റ് ഫീ, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിച്ചു.<br><br>2019-20 - പേ ആന്റ് അലവൻസ്, യാത്ര, പോസ്റ്റേജ് & സ്റ്റേഷനറി, അവാർഡ് ദാനച്ചടങ്ങ്, ജില്ലാതല കോൺഫറൻസ്/ഓറിയന്റേഷൻ, ജില്ലാ കൺവീനർ/ആർ.പി.സി അലവൻസ്, സംസ്ഥാന/ജില്ലാതല പരിപാടികൾ, ടെലഫോൺ & ഇന്റർനെറ്റ് ചാർജ്, റിസോഴ്സ് ഗ്രൂപ്പ് പരിശീലനം, വെബ് സൈറ്റ് മെയിന്റനൻസ്, ഓഫീസ് ചെലവുകൾ, ഓഡിറ്റ് ഫീ, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിച്ചു. |

| | | | |
|---|---|---|---|
| | | | 2020-21 - പേ ആന്റ് അലവൻസ്, യാത്ര, പ്രിന്റിംഗ് & സ്റ്റേഷനറി, ആർ.പി.സി/ജില്ലാ കൺവീനർ മീറ്റിംഗ്, പി.എസ്.സി കോൺഫറൻസ്, ജില്ലാ/ സംസ്ഥാനതല പരിപാടികൾ, ടെലഫോൺ & ഇന്റർനെറ്റ് ചാർജ്, ഇന്നവേറ്റീവ് പരിപാടികൾ, ഓഫീസ് ചെലവുകൾ, വെബ്സൈറ്റ് മെയിന്റനൻസ്, മറ്റ് അത്യാവശ്യ ചെലവുകൾ, ഓഡിറ്റ് ഫീ, എന്നിവയ്ക്കായി ചെലവഴിച്ചു.<br><br>2021-22 - അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് പിരിച്ചിട്ടില്ല. എന്നിരുന്നാലും പേ & അലവൻസ്, യാത്ര, പ്രിന്റിംഗ് & സ്റ്റേഷനറി, അവാർഡ് ദാന ചടങ്ങ്, അനർട്ട് വെഹിക്കിൾ, ടെലഫോൺ & ഇന്റർനെറ്റ് ചാർജ്. ആർപിസി./ജില്ലാ കൺവീനർ ഓറിയന്റേഷൻ/ വർക്ക്ഷോപ്പ് സംസ്ഥാന/ജില്ലാതല പരിപാടികൾ ഓഫീസ് ചെലവുകൾ, അഡ്വൈസറി കമ്മിറ്റി ചെലവുകൾ, ഓഡിറ്റ് ഫീ, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായുള്ള ചെലവുകൾ ചെയ്തു.<br><br>2022-23ൽ 2021-22 വർഷത്തെ ഉൾപ്പെടെ രണ്ടു വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് പിരിച്ചു. 2022- 23 വർഷത്തിൽ പേ & അലവൻസ്, പ്രിന്റിംഗ് & സ്റ്റേഷനറി, ഡയറക്ടറേറ്റ് തല അവാർഡ് ദാന ചടങ്ങ്, വാഹനം, ടെലഫോൺ & ഇന്റർനെറ്റ് ചാർജ്, ആർപിസി/ജില്ലാ കൺവീനർ ഓറിയന്റേഷൻ & വർക്ക്ഷോപ്പ്, സംസ്ഥാന /ജില്ലാതല പരിപാടികൾ, അഡ്വൈസറി കമ്മിറ്റി, ഓഡിറ്റ് ഫീ, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിച്ചു.<br><br>2023-24 - പേ & അലവൻസ്, ആർ. പി.സി/ ജില്ലാ കൺവീനർ പ്രോഗ്രാം ഓഫീസർമാരുടെ കോൺഫറൻസ്, അവാർഡ് ദാന ചടങ്ങ്, അനർട്ട് വാഹനം, ടെലഫോൺ & ഇൻറർനെറ്റ് ചാർജ്, ക്ലസ്റ്റർ കൺവീനർ അലവൻസ്. സംസ്ഥാന/ ജില്ലാതല പരിപാടികൾ, അഡ്വൈസറി കമ്മിറ്റി, ഓഫീസ് ചെലവുകൾ, ഓഡിറ്റ് ഫീ, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിച്ചു. |

സെക്ഷൻ ഓഫീസർ